(ഡി) ഹഡ്കോ വായ്പ വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയുടെ ചുമതലയിലുള്ള വകുപ്പുകളിലെ പദ്ധതി നിർവ്വഹണം**

161 (165) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയുടെ ചുമതലയിൽ ഉള്ള വകുപ്പുകളിൽ ഓരോന്നിലും 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ വകുപ്പുവഴി 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ബഡ്ജറ്റിലൂടെയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും എന്തൊക്കെയായിരുന്നു ; അവയിൽ ഏതെല്ലാം പദ്ധതികളും പരിപാടികളും ഇനിയും നടപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് ; ഭരണാനുമതി ലഭിച്ചവയിൽ നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ;

(സി) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ ഇതുവരെ ചെലവായിട്ടില്ലാത്ത തുക എത്ര ?

<u>ഉത്തരം</u>

(എ) <u>ഫിഷറീസ് വകുപ്പ്</u>:

ഫിഷറീസ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ബഡ്ജറ്റ് ശീർഷകങ്ങളിൽ 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 187.95 കോടി രൂപയും പദ്ധതിയേതര ഇനങ്ങളിൽ 39.365 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ പദ്ധതിയിനത്തിൽ 76.24 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 52.67 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയേതരയിനത്തിൽ മത്സ്യത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനും മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനും കടാശ്വാസ കമ്മീഷൻ ചെലവുകൾക്കുമായി 29.84 കോടി രൂപ അധികമായി ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>: 1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2012-13 സാമ്പത്തിക വർഷം ഫിഷറീസ് സെക്ടറിൽ 11505.07 ലക്ഷം രൂപയും പോർട്ട് സെക്ടറിൽ 3894.93 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ ഫിഷറീസ് സെക്ടറിൽ 3606.948 ലക്ഷം രൂപയും പോർട്ട് സെക്ടറിൽ 1549.361 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. <u>തീരദേശ റോഡുകളുടെ പുനരുദ്ധാരണം - (4405-00-800-80)</u>

2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിലായി തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കായി ഡിസംബർ 2012 വരെ 312 റോഡുകൾക്ക് 9112 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

<u>ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ്</u>:

15 പദ്ധതികൾക്കായി 816 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 29-1-2013 വരെ 97.92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>തുറമുഖ വകുപ്പ്</u>:

| | |
|---|---|
| ബഡ്ജറ്റിൽ വകയിരുത്തിയ തുക | - 246.63 കോടി രൂപ |
| (തുറമുഖ വകുപ്പ് | - 22.95 കോടി രൂപ |
| വിഴിഞ്ഞം ഇന്റർ നാഷണൽ സീ പോർട്ട് ലിമിറ്റഡ് | - 223.68 കോടി രൂപ) |
| തുറമുഖ വകുപ്പ് ചെലവഴിച്ച തുക | - 11.27 കോടി രൂപ. |

<u>എക്സൈസ് വകുപ്പ്</u>:

2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ "2039 സ്റ്റേറ്റ് എക്സൈസ്" എന്ന മേജർ ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി 153,34,77,000 രൂപയും പദ്ധതി വിഹിതമായി 1,17,00,000 രൂപയും ചാർജ്ഡ് ഇനത്തിൽ 10,00,000 രൂപയും ഉൾപ്പെടെ ആകെ 153,34,77,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2012 ജനുവരി 31 വരെ ശമ്പളം ഉൾപ്പെടെ 115,40,72,158 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) <u>ഫിഷറീസ് വകുപ്പ്</u>:

2012-13 വാർഷിക ബഡ്ജറ്റിൽ നടപ്പിലാക്കി വരുന്ന തുടർ പദ്ധതികൾക്കു പുറമെ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

1. സംയോജിത കടൽ സുരക്ഷാ പദ്ധതി
2. ഫിഷ്മെയ്ഡ് ബ്രാൻഡിൽ 100 ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്ന പദ്ധതി
3. മത്സ്യ സമൃദ്ധി പദ്ധതി
4. ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

5. കോൾഡ് ചെയിൻ പദ്ധതി

6. തീരമൈത്രി

7. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി

8. തിരുവനന്തപുരത്ത് മത്സ്യഫെഡ് മുഖേന നെറ്റ് ഫാക്ടറി സ്ഥാപിക്കുന്ന പദ്ധതി

9. മത്സ്യഗ്രാമങ്ങളിലെ ഭവനരഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി.

തുടർ പദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന നിർമ്മാണം പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി, സീ റാഞ്ചിംഗ്, സാമൂഹ്യ മത്സ്യ കൃഷി, മത്സ്യ വിത്തുല്പാദനം, മത്സ്യ വിഭവ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതി, മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി തുടങ്ങിയവ നിർവ്വഹണം നടന്നുവരുന്നു.

മേൽ പറഞ്ഞവയിൽ ഫിഷ്മെയ്ഡ് ബ്രാൻഡിൽ കിയോസ്ക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, കോൾഡ് ചെയിൻ പദ്ധതി, നെറ്റ് ഫാക്ടറി സ്ഥാപിക്കുന്ന പദ്ധതി എന്നിവ നടപ്പാക്കാൻ അവശേഷിക്കുന്നു.

ഭരണാനുമതി നൽകിയവയിൽ തീര മൈത്രി പദ്ധതി, സംയോജിത മത്സ്യഗ്രാമ പദ്ധതി എന്നിവ നടപ്പാക്കാനാവശ്യമായ തുക വിവിധ ഏജൻസികൾക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u> :

2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് ഫിഷറീസ് മേഖലയിൽ തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 21-6-2012-ന് 31.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ്</u> :

2012-13 സാമ്പത്തിക വർഷം ഈ വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മൺസൂണിന് മുമ്പും പിമ്പുമുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ
2. ഹൈഡ്രോഗ്രാഫിക് സർവ്വെ യൂണിറ്റിലെ സാങ്കേതിക വിദഗ്ദ്ധർക്ക് പരിശീലനം
3. തീരദേശത്തെ സംബന്ധിച്ച വിവരങ്ങളുടെ ഡിജിറ്റൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

4. കേരളത്തിൽ ഹൈഡ്രോഗ്രാഫിക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

5. കേരളത്തിലെ നോൺ മേജർ പോർട്ടുകളിൽ ഹൈഡ്രോഗ്രാഫിക് ഡേറ്റാ സെന്റർ സ്ഥാപിക്കൽ

6. ഹൈഡ്രോഗ്രാഫിക് സർവ്വേയും ഉൾനാടൻ ജലപാതകളെയും കുറിച്ചുള്ള സാദ്ധ്യതാ പഠനം

7. ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വെ ഉപകരണങ്ങൾ ഇവ വാങ്ങൽ

8. പഴയ നിരീക്ഷണ കപ്പലുകൾക്കുപകരം പുതിയത് വാങ്ങൽ

9. നിരീക്ഷണ കപ്പലുകളുടെ നവീകരണം

10. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ നവീകരണം

11. ജീവൻരക്ഷാ ഉപകരണങ്ങളും ചെറിയ സർവ്വെ ബോട്ടുകളും വാങ്ങൽ

12. ബേപ്പൂരിൽ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ ഓഫീസ് നിർമ്മാണം

13. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനുവേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം

14. ആധുനിക നിരീക്ഷണ ബോട്ടുകൾ വാങ്ങൽ

15. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ മുനമ്പം/പറവൂർ സബ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം.

(II) <u>ഇനിയും നടപ്പിലാക്കുവാൻ അവശേഷിക്കുന്ന പദ്ധതികൾ</u>:

1. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിനുവേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം —പി.ഡബ്ല്യു.ഡി.-യുടെ ഷെഡ്യൂൾ നിരക്ക് വർദ്ധനവ് കാരണം പുതുക്കിയ ഭരണാനുമതി ആവശ്യമായിവന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ മുനമ്പം/പറവൂർ സബ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം—പി.ഡബ്ല്യു.ഡി.-യുടെ ഷെഡ്യൂൾ നിരക്ക് വർദ്ധനവ് കാരണം പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

3. ആധുനിക നിരീക്ഷണ ബോട്ടുകൾ വാങ്ങൽ—നിരീക്ഷണ ബോട്ടുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞു. ടെണ്ടറിന്മേലുള്ള അന്തിമ തീരുമാനമായിട്ടില്ല. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ കഴിഞ്ഞു. പർച്ചേസിനുള്ള അനുമതിക്കായി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തുറമുഖ വകുപ്പ്:

പദ്ധതികൾ എല്ലാംതന്നെ ഓൺ ഗോയിംഗ് സ്കീമിൽ ഉൾപ്പെട്ടവയാണ്.

എക്സൈസ് വകുപ്പ് :

2012 – 13 കാലയളവിൽ ബഡ്ജറ്റിലൂടെയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഫിഷറീസ് വകുപ്പ് :

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതിൽ പദ്ധതിയിനത്തിൽ 111.71 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 16.535 കോടി രൂപയും ചെലവഴിച്ചിട്ടില്ല.

ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പ് :

ഭരണാനുമതി ലഭിച്ചതിൽ പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഇല്ല.

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ 718.08 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടില്ല. ഇതിൽ 398.40 ലക്ഷം രൂപ പുനർ വിനിയോഗം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് :

ഫിഷറീസ് മേഖലയിൽ 7898.12 ലക്ഷം രൂപയും പോർട്ട് മേഖലയിൽ 2350.57 ലക്ഷം രൂപയും ഇനിയും ചെലവഴിക്കാനുണ്ട്.

തുറമുഖ വകുപ്പ്:

ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ ഇതുവരെ ചെലവായിട്ടില്ലാത്ത തുക – 235.36 കോടി രൂപ.

എക്സൈസ് വകുപ്പ്:

ഇതുവരെ ചെലവായിട്ടില്ലാത്ത തുക – 37,94,04,842 രൂപയാണ്.

**മത്സ്യത്തൊഴിലാളികളുടെ വായ്പാ കുടിശ്ശികയ്ക്ക് മൊറട്ടോറിയം**

152 (156) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിലും ധനകാര്യ സ്ഥാപനങ്ങളിലും വായ്പ കുടിശ്ശിക വരുത്തിയ മത്സ്യത്തൊഴിലാളികൾക്ക് ജപ്തി നോട്ടീസ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly